# ഗവ: യു. പി. സ്കൂൾ,അഴിക്കോട്

GUPS AZHIKODE

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26



# ഗവ: യു. പി സ്കൂൾ അഴീക്കോട്

സ്ഥാപിതം : 1909

ഉപജില്ല : കൊടുങ്ങല്ലൂർ

ഗ്രാമപഞ്ചായത്ത് : എറിയാട്

വിദ്യാഭ്യാസ ജില്ല : ഇരിങ്ങാലക്കുട

റവന്യൂ ജില്ല : തൃശൂർ

# PROFILE

Name of School : GUPS Azhikode

Name of Village : Azhikode

Name of Panchayath : Eriyad

Name of BRC : Kodungallur

Name of Block : Mathilakam

Name of District : Thrissur

Name of HM : Lila. K.P.

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന നിർദ്ദേശാനുസരണം 2025-26 വർഷത്തേക്ക് വാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ അടങ്ങിയ അക്കാദമിക മാസ്റ്റർ പ്ലാൻ അഴീക്കോട് ജി.യു.പി.എസ് സ്കൂളിലും തയ്യാറായി കഴിഞ്ഞു.

എറിയാട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഗവൺമെന്റ് യു പി സ്കൂളാണ് അഴീക്കോട് ജി.യു.പി.എസ്. ഈ വിദ്യാലയത്തിന്റെ സമഗ്രവികസനത്തിന് വേണ്ടി ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പരമാവധി ശ്രദ്ധ പഞ്ചായത്ത് ഭരണ നിർവ്വഹണ തലത്തിൽ ഉണ്ടായിട്ടുണ്ട്. ഇനിയും ഈ സ്കൂളിന് ധാരാളം സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിലും ഒരു ബദ്ധശ്രദ്ധ ആവശ്യമായുണ്ട്.

സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും എല്ലാ വിഷയങ്ങളിലും മുൻനിരക്കാരാക്കി മാറ്റുകയാണ് ഇതിന്റെ ലക്ഷ്യം. വിവിധ വിഷയങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാണ് മുൻതൂക്കം. അധ്യയന വർഷത്തിലെ വിദ്യാലയത്തിന്റെ അക്കാദമിക-അക്കാദമികേതര പഠനപ്രവർത്തനങ്ങളുടെ സുഗമമായ ആസൂത്രണ പ്രവർത്തനങ്ങളിൽ മികവ് പുലർത്താൻ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാണ്. ഈ പ്ലാനിൽ വാർഷിക പ്ലാനുകൾ ചിട്ടയായി ഒരുക്കിയിരിക്കുന്നു. പ്രീ-പ്രൈമറി മുതൽ 7 വരെ ക്ലാസ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാനുകൾ സ്കൂൾ തല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലബ് പ്രവർത്തനങ്ങൾ,

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ, കല- കായിക- ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി ഒരു വർഷക്കാലത്തേക്ക് സമഗ്രമായി തയ്യാറാക്കിയതാണ് ഇത്. ഈ പദ്ധതി മൂലം വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമികവും അക്കാദമികേതരവുമായ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്.

# ചരിത്രം

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട് ഗ്രാമപഞ്ചായ-
ത്തിൽ തദ്ദേശവാസികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ നാഴിക കല്ലായി
നിലനിൽക്കുന്ന ഒരു വിദ്യാലയമാണ് അഴീക്കോട് ഗവൺമെന്റ് യു പി സ്കൂൾ.
കൊടുങ്ങല്ലൂർ താലൂക്കിലെ എറിയാട് പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ
അഴീക്കോട് പ്രദേശത്ത് കൊച്ചിൻ മുസ്ലിം വിദ്യാഭ്യാസ സംഘത്തിന്റെ ശ്രമ-
ഫലമായി AD 1909 ൽ സ്ഥാപിതമായ വിദ്യാലയമാണ് ഗവൺമെന്റ്
യു പി സ്കൂൾ അഴീക്കോട്. നമ്പൂതിരി മഠത്തിൽ കുഞ്ഞിപ്പോക്കർ കുട്ടി
സാഹിബ് നൽകിയ 7 സെന്റ് സ്ഥലത്ത് കൊച്ചിയിലെ ഹാജി ഈസ ഇസ്മയിൽ
സേട്ട് നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ അമ്പാരിൽ തൈപ്പാലിൽ കുഞ്ഞി മുഹമ്മദ്
സാഹിബ് പ്രസിഡണ്ടായി ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചു.
പ്രദേശത്ത് 8 മുതൽ 13 വയസ്സുവരെയുള്ള കുട്ടികളെ ചേർത്തി ഒരു
വിദ്യാലയം ഉയർന്നത് ചരിത്ര ദൗത്യത്തിന്റെ ഭാഗമാണ്. സാധാരണക്കാരും
ദരിദ്രരുമായ കുട്ടികളോടൊപ്പം ഇടത്തരക്കാരായ നാട്ടുപ്രമാണികളുടെയും
കച്ചവടക്കാരുടെയും സമ്പന്നരുടെയും കുട്ടികൾ പഠിക്കാൻ ഉത്സാഹപൂർവ്വം
സ്കൂളിൽ എത്തിച്ചേർന്നു. ചരിത്ര പുരുഷന്മാരായി വളർന്ന സ്വാതന്ത്ര്യ
സമരനേതാവും ദേശീയ നേതാവുമായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും
കേരള സ്പീക്കറായി വളർന്ന കെ.എം. സീതി സാഹിബും ആദ്യകാല
വിദ്യാർത്ഥികളായിരുന്നു. അര ക്ലാസുമുതൽ ഫോർത്ത് ഫോറം വരെയാണ്
ക്ലാസ്സുകൾ ഉണ്ടായിരുന്നത്. പ്രവർത്തനങ്ങൾ സജീവമായതോടെ വിദ്യാലയം
സർക്കാരിനു കൈമാറി. സ്കൂൾ കെട്ടിടത്തിനു വടക്കുഭാഗത്ത് പുതിയ
കെട്ടിടങ്ങൾ പണിതു. 72 വർഷം ലോവർ പ്രൈമറിയായി തുടർന്ന
വിദ്യാലയം 1980 ൽ യു പി സ്കൂളായി ഉയർത്തി.

ഈ കാലയളവിൽ വിദ്യാലയത്തിലെ പ്രധാന അധ്യാപിക M.S. ഷെല്ലുഖദീജ ആയിരുന്നു. സ്കൂൾ അപ്ഗ്രേഡ് ചെയ്യുവാനായി സർക്കാരിന്റെ നിബന്ധന പാലിക്കുവാൻ 3 ക്ലാസുകൾ നടത്താവുന്ന താൽക്കാലിക ഷെഡ്ഡും രണ്ടു ലക്ഷത്തോളം രൂപ വിലയുള്ള 65 സെന്റ് ഭൂമിയും സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി.

ഉപജില്ലയിൽ ആദ്യം നടത്തിയ കായിക മേളയിൽ തുടർച്ചയായി ചാമ്പ്യന്മാരായി സ്കൂൾ കായിക രംഗത്ത് ഉയർന്നുനിന്നു. രണ്ടായിരത്തിലധികം സാധാരണ കുട്ടികൾ പഠിക്കുന്ന വിദ്യാലയമായ് ഗവൺമെന്റ് യു പി സ്കൂൾ ജില്ലയിലെ തലയെടുപ്പുള്ളതായി മാറി. ആദ്യകാല അധ്യാപകരിൽ പ്രധാനികൾ നാരായണ മേനോൻ, പ്രശസ്ത പണ്ഡിതനും എഴുത്തുകാരനുമായ ഇ.കെ. മൗലവി, എ.കെ. അബു, കെ. കേശവൻ എന്നിവരാണ്.

ത്രിതല പഞ്ചായത്തുകളുടെ വിദ്യാഭ്യാസ ഇടപെടലിലൂടെ പിന്നീട് സ്കൂൾ സൗകര്യങ്ങൾ വളർന്നു. പഴയതെക്ക് സ്കൂൾ ഒരു ശാസ്ത്ര മ്യൂസിയമാക്കി നിലനിർത്തി സംരക്ഷിച്ച് പോരുന്നു. 2020ൽ 110 വർഷം പിന്നിടുമ്പോഴാണ് ബഹുമാനപ്പെട്ട MLA ടൈസൺ മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. പ്രീ പ്രൈമറി മുതൽ 7-ാം ക്ലാസ് വരെ ലധികം കുട്ടികൾ ഇപ്പോൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. എല്ലാ ക്ലാസ് മുറികളും ഹൈടെക് സംവിധാന സൗകര്യങ്ങളോടെ മാറിക്കഴിഞ്ഞു. മെച്ചപ്പെട്ട ലൈബ്രറിയും ശാസ്ത്രലാബും ഗണിതലാബും സ്കൂളിന്റെ സവിശേഷതയാണ്.

ജില്ലയിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നായ എറിയാട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഒരു സർക്കാർ വിദ്യാലയമാണ് അഴീക്കോട് ഗവൺമെന്റ് യു പി സ്കൂൾ. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി മികവാർന്ന ഭൗതിക

സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് അക്കാദമിക മികവ് ഉയർത്തുന്നതിനായി അധ്യാപകരോടൊപ്പം നിന്ന് സഹകരിച്ച് പ്രവർത്തിക്കുന്ന ഭരണ സംവിധാനമാണ് മേരിയാട് ഗ്രാമ പഞ്ചായത്ത്. പ്രധാന അധ്യാപിക യായി k.P ലൈല ടീച്ചറാണ് സ്കൂളിനെ ഇപ്പോൾ നയിക്കുന്നത്. k.A മുഹമ്മദ് ഷരീഫ് പ്രസിഡണ്ടായി ശക്തമായ ഒരു പി.ടി.എ സമിതിയും ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. അഴീക്കോട് പ്രദേശത്തെ തലയെടുപ്പുള്ള ഒരു വിദ്യാലയമായി അഴീക്കോട് ഗവൺമെന്റ് യു പി സ്കൂൾ മികവിന്റെ കേന്ദ്രമായി വളരുകയാണ്.

## നിലവിലുള്ള ഭൗതികസൗകര്യങ്ങൾ

- പ്രീപ്രൈമറി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും ചിന്താശേഷി വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള സ്റ്റാർസ് വർണ്ണകൂടാരം പദ്ധതി നടപ്പിൽ വരുത്തി. അത് പ്രകാരം 13 ഇടങ്ങളും ചിത്രങ്ങളോടുകൂടിയ ചുമരുകളും ക്ലാസ്റൂമുകളും പാർക്കുമായി പ്രീപ്രൈമറിലെ അന്താരാഷ്ട്ര നിലവാരത്തിലുയർത്തി.
- കുട്ടികളിലുള്ള സഭാകമ്പം മാറ്റുന്നതിനും ആശയവിനിമയശേഷി വർധിപ്പിക്കുന്നതിനുമായി സ്കൂൾ റേഡിയോ എറിയാട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു.
- സ്കൂൾ അസംബ്ലിയുടെയും പൊതുപരിപാടികളുടെയും നിലവാരം ഉയർത്തുന്നതിനായി പബ്ലിക് സ്പീക്കിംഗ് സിസ്റ്റം പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു.
- കുട്ടികളിലെ കായികക്ഷമത ഉയർത്തുന്നതിനും കായികമേഖലയിലെ മുന്നേറ്റത്തിനും ഉതകുന്ന തരത്തിലുള്ള സ്കൂൾ ഗ്രൗണ്ടിന്റെ പുനരുദ്ധാരണം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തി.
- കുട്ടികൾക്കും അധ്യാപകർക്കും വായനയ്ക്കും റഫറൻസിനും കഴിയുന്ന ധാരാളം പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി.
- മൾട്ടി മീഡിയ ക്ലാസ്റൂമുകൾ.

- അസംബ്ലിയും കുട്ടികളുടെ കലാപരിപാടികളും നടത്തുന്ന ഓഡിറ്റോറിയം.
- കുട്ടികളിലെ വിവിധ ശേഷികൾ വർധിപ്പിക്കുന്നതിനുതകുന്ന കളിയുപകരണങ്ങൾ
- സ്കൂൾ സോഷ്യൽ സർവീസ് സ്കീം നിലവിലുള്ള പഞ്ചായത്തിലെ ഏക സ്കൂൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രീ-പ്രൈമറി വിഭാഗം

## 2025 - 2026

# ആമുഖം

പ്രീ സ്കൂൾ പഠനം കൂടുതൽ ശാസ്ത്രീയമാക്കുക
എന്ന ലക്ഷ്യത്തോടുകൂടി സമഗ്രമായി നടപ്പിലാക്കുന്നതാണ്
പ്രീ പ്രൈമറി വർണ്ണക്കൂടാരം. പ്രീ സ്കൂൾ കുട്ടികളുടെ
വിവിധ ശേഷി വികാസങ്ങൾക്കായി 13 ഇടങ്ങളൊരുക്കി.
തയ്യാറാക്കിയതാണ് ഈ പദ്ധതി. കുട്ടികളിൽ ഭാഷാ-
വികാസം, വൈജ്ഞാനിക വികാസം, സർഗാത്മക വികാസം,
വൈകാരിക വികാസം, എന്നീ മേഖല വികാസങ്ങളിലൂടെ കുട്ടികളുടെ
ശേഷികൾ പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാൻ തയ്യാ-
റാക്കുന്നത്. കുട്ടികളുടെ സന്തോഷപ്രദമായ വികാസമാണ് ഈ
വർഷം ലക്ഷ്യമാക്കുന്നത് - - - -

മേഖല :- അക്കാദമികം

ഉപമേഖല :- ഭാഷ

ക്ലാസ്സ് :- പ്രീ പ്രൈമറി വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വരയുത്സവം [സർഗാത്മകവികാസം] | ചിത്രത്തിൽ നിന്നും വർണങ്ങൾ തിരിച്ചറിഞ്ഞ് നിറം നൽകുന്നു | ജൂൺ | Class Teacher | |
| പാട്ടുത്സവം [ശാരീരികചാലക വികാസം] | താളാത്മക ചലനങ്ങൾ, ആംഗ്യപ്പാട്ട് ചിത്രം കാണിച്ചുള്ള പാട്ടുകൾ | ജൂലൈ | Class Teacher | |
| ശാസ്ത്രോത്സവം [ബുദ്ധി വികാസം] | കളിമണ്ണ് കുഴച്ചും ഉരുട്ടിയും പരത്തിയും രൂപങ്ങൾ നിർമ്മിക്കുന്നു | ആഗസ്റ്റ് | Class Teacher | |
| കൊളാഷ് നിർമാണം [ശാരീരിക വികാസം] | കടലാസ് തുണ്ടുകളോ തുണിക്കഷണങ്ങളോ ഒട്ടിച്ച് രൂപപ്പെടുത്തുന്നു. ചിത്രങ്ങൾ | സെപ്റ്റംബർ | Class Teacher | |
| ഇല പ്രിന്റിങ് പച്ചക്കറിപ്രിന്റിങ് [ശാരീരിക വികാസം] | പച്ചക്കറികൾ ഇലകൾ മുറിച്ച് ചായത്തിൽ മുക്കി പതിപ്പിച്ച് ഡിസൈനുകൾ നിർമിക്കാം | ഒക്ടോബർ | Class Teacher | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കഥാവതരണം [ഭാഷാപരമായ ബുദ്ധി വികാസം] | ചിത്രം ചിത്രപുസ്തകം എന്നിവ ഉപയോഗിച്ച് പറയുന്നു | നവംബർ | Class Teacher | |
| കളിപ്പാട്ട നിർമാണം [ശാരീരിക ബുദ്ധി പരമായ വികാസം] | ഓലപ്പീപ്പി മച്ചിങ്ങവണ്ടി വിവിധ കളിപ്പാട്ടങ്ങൾ | ഡിസംബർ | Class Teacher | |
| പാവ നിർമാണം [ശാരീരിക ചാലക വികാസം] | കടലാസ് പാവ പ്ലാസ്റ്റിക് കുപ്പി പാവ പേപ്പർ ഗ്ലാസ് പാവ ബലൂൺ പാവകൾ | ജനുവരി | Class Teacher | |
| ഫ്രൂട്ട്സ് ഡേ [രുചി തിരിച്ചറിയുന്നു മണം ആകൃതി തിരിച്ചറിയുന്നു] | പലതരം പഴങ്ങൾ കൊണ്ടു വരുന്നു അവയുടെ വലുപ്പം, നിറം, മണം, എന്നിവ താരതമ്യം ചെയ്യുന്നു | ഫെബ്രുവരി | Class Teacher | |
| പ്രകൃതി നടത്തം [ബുദ്ധി വികാസം ശാരീരിക വികാസം] | അനുഭവങ്ങൾ പറയൽ അനുഭവിച്ചറിയൽ [ചൂട് തണുപ്പ്] | മാർച്ച് | Class Teacher | |

SUBJECT :- ENGLISH
CLASS :- LKG · UKG

| Aim | Activities | TIME | Duty | Finance |
|---|---|---|---|---|
| To speak Read and write English without any Mistakes | Games<br>Action Songs<br>conversations<br>Skit stories | June | class Teacher | |
| | Speaking skills<br>Description, growing sentences, Picture reading, Picture description, self introduction | July | Class Teacher | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | മുന്നറിവ് പരിശോധിക്കൽ<br>പ്രത്യേകം ക്ലാസുകൾ | ജൂൺ-ജൂലൈ<br>ജൂൺ-മാർച്ച് | അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | പത്രവായന<br>ക്ലാസ് ലൈബ്രറി സജ്ജീകരണം<br>ദിനാചരണങ്ങൾ | അധ്യയനവർഷ-ക്കാലം | ക്ലാസ് അധ്യാ-പകർ, PTA |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | വായനാക്കുറിപ്പ്<br>സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാ-ക്കൽ<br>ശില്പശാല | " | അധ്യാപകർ |
| ഭാഷയിലൂടെ വിവിധ മേഖലകളിൽ മികവ് നേടുക. | എഴുത്തുകാരെ പരിചയപ്പെടുത്തൽ. | " | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## അറബി - LP

## اللغة العربية

അക്കാദമിക് മാസ്റ്റർ പ്ലാൻ- അറബി

Class 1 to IV . اللغة العربية

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സഹായികൾ. |
|---|---|---|---|---|---|
| | - അക്ഷര വായന | 1 - 2 | June - July | | |
| | - ക്ലാസ് വായന | 1 - 2 | June - Feb | | അധ്യാപകർ |
| തെറ്റ് കൂടാതെ വായിക്കുന്നതിനുള്ള കഴിവുണ്ടാക്കുന്നു. | - ലൈബ്രറി വായന | 3 - 4 | June - Feb | അധ്യാപകർ | PTA |
| | - ചിത്ര വായന | 1 - 4 | | | SRG |
| | - മാഗസിൻ വായന | 3 - 4 | | | |
| | - വീട് വായന | 1, 2, 3, 4 | | | |
| | - കഥാവായന | 3, 4 | | | |
| | - വായനാ മത്സരങ്ങൾ | 2, 3, 4 | June - March | | |
| | - മോണിറ്ററിംഗ് | | | | |
| | - വാക്യങ്ങൾ ഉണ്ടാക്കൽ | 1 - 4 | | | |
| | - വ്യാകരണങ്ങൾ | 3, 4 | | | |
| | - ഇ- വായന. | 1, 4 | | | |

| | | | | | |
|---|---|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | - ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അറബിയുമായുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- പദസമ്പത്ത് വർധിപ്പിക്കൽ<br>- ഡ്രമാറ്റൈസേഷൻ. | 1- 4<br><br>1- 4 | July - March<br><br>ആഗസ്റ്റ് - ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ PTA |
| അറബി ഭാഷാ എഴുത്തിന്റെ മെച്ചപ്പെടുത്തൽ. | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടിയെഴുത്ത്<br>- അക്ഷരങ്ങളുടെ നിർമാണം.<br>- കൈയെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമാണം<br>- ചിത്രകഥ നിർമിക്കൽ<br>- Translation English, malayalam to Arabic | 1- 4<br><br>3,4<br><br>1- 4 | ജൂൺ - മാർച്ച്<br><br>ഡിസംബർ - മാർച്ച്<br><br>June - March | അധ്യാപകർ | അധ്യാപകർ PTA |

# മാസ്റ്റർ പ്ലാൻ

അറബി UP اللغة العربية

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

അറബി "اللغة العربية"

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവം | വിലയിരുത്തൽ/ ഉത്തരവാദിത്വം |
|---|---|---|---|---|
| * അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി എഴുതാനും വായിക്കാനുമുള്ള കഴിവ് ആർജ്ജിക്കൽ | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടുവരും. അക്ഷര കാർഡുകൾ, ഐ.സി.ടി ഉപയോഗിച്ചുള്ള വിവിധ രീതികൾ ഉപയോഗിക്കും. | June - August | പുസ്തകങ്ങൾ കാർഡുകൾ | [illegible] SMC |
| * അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടാൻ, പാഠപുസ്തകങ്ങളിലുള്ള വാക്കുകളും പദങ്ങളും പുറമെ പുതിയ പദങ്ങൾ അറിയുന്നതിന് സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മാതൃ ഭാഷയിലെ അർത്ഥങ്ങളെ കുട്ടികൾ പങ്കുവെക്കുകയും ചെയ്യുന്നു. സന്ദർഭങ്ങൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | കഥ കവിതാ പുസ്തകങ്ങൾ | SRG SMC |

| | | | | |
|---|---|---|---|---|
| * അറബിയിലുള്ള ചെറിയ കവിതകൾ ഉപന്യാസ വാക്യങ്ങൾ തുടങ്ങിയവ മനസ്സിലാക്കൽ. | പാഠപുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങളും ലൈബ്രറിയിലെ മറ്റു പുസ്തകങ്ങളും | SMC SRG |
| * ഭാഷാ അഭിരുചി, വായനാ ശീലം, പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ | വായനാ മത്സരം സംഘടിപ്പിക്കുന്നു. പൊതുവിജ്ഞാനം അറബി ഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമായുള്ള ലളിതമായ ചോദ്യങ്ങളുൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കും | ജൂലൈ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങളും മാതൃകാ വായനാ സാമഗ്രികളും ഉപയോഗിച്ച് ചോദ്യങ്ങൾ പ്രതിഫലിപ്പിക്കും. | SRG SMC |
| * അറബി ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | അറബി ലോകത്തിലെ അറബി ഭാഷയുമായി ബന്ധപ്പെട്ട സംഘമുള്ള പഠനങ്ങൾ, പദപ്പയറ്റ്, പാട്ടുകൾ, അറബി പ്രസംഗം തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം | ജൂലൈ മുതൽ മാർച്ച് വരെ | സ്കൂൾ തലത്തിൽ നടക്കുന്ന മത്സര വേദികൾ സംഘടിപ്പിക്കും. | SRG SMC |
| * വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ, കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ. | ദിനാചരണങ്ങളുടെ ഭാഗമായി അറബിയിലുള്ള പോസ്റ്ററുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും. വിജയികൾക്ക് സമ്മാനങ്ങൾ നൽകും | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ക്ലബ്ബ് രൂപീകരിച്ച് അതിൽ ചാർട്ടുകൾ ഉണ്ടാക്കും. കൈയെഴുത്തു പതിപ്പുകളുടെ നിർമ്മാണം | SMC SRG |

| | | | | |
|---|---|---|---|---|
| [illegible] ത്തിൽ ഐ.ടി സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കൽ. | [illegible] ഉപയോഗിച്ച് ചാറ്റ്, ബോധവൽ [illegible] ക്കരണം തുടങ്ങിയവയിലൂടെ പരിശീലനം മൊത്തത്തിൽ [illegible] പരിശീലിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഐ.ടി സൗകര്യം ഉപയോഗപ്പെടുത്തും | SMC SRG |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | English Club രൂപീകരണം. | ജൂൺ | English Teacher | |
| | English Corner ഒരുക്കുക. | | | |
| | English Assembly :- ആഴ്ചയിൽ 1 ദിവസം അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ദിനം പ്രതി | Class teacher | |
| | Public Speaking:- ഇഷ്ടമുള്ള വിഷയം തിരഞ്ഞെടുത്ത് ഓരോ ദിവസവും ഒരു കുട്ടി വീതം (Minimum 5 Sentence) ക്ലാസിൽ അവതരിപ്പിക്കുക. | ക്ലാസ് റൂം പ്രവർത്തനം | English Teacher | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | F.M Corner :- വ്യത്യസ്തമായ കഥകൾ Reader's theatre റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | പ്രതിമാസം | English Teacher | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
| --- | --- | --- | --- | --- |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | English Dictionary<br>പാഠഭാഗവുമായി ബന്ധപ്പെട്ട് പരിചയപ്പെടുന്ന പുതിയ വാക്കുകൾ ഉൾപ്പെടുത്തി എല്ലാ കുട്ടികളും ഇംഗ്ലീഷ് ഡിക്ഷ്ണറി സ്വന്തമായി നിർമ്മിക്കുക.<br>English Diary<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രധാന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ എഴുതുക. | ദിനംപ്രതി<br>ക്ലാസ് റൂം പ്രവർത്തനം | English Teacher<br>English Teacher | |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | English Day Celebration.<br>ക്ലാസിലെ എല്ലാ കുട്ടികളുടെയും Participation ഉറപ്പാക്കിക്കൊണ്ട് മാസത്തിലൊരിക്കൽ ഇംഗ്ലീഷിൽ വ്യത്യസ്തമായ പരിപാടികൾ അവതരിപ്പിക്കുന്നു. | പ്രതിമാസം | Class Teachers. | |

# ആമുഖം

ഒരു അധ്യയന വർഷം സ്കൂളിലും ക്ലാസിലും ഹിന്ദിഭാഷ ഇഷ്ടപ്പെടാനും, സംസാരിക്കാനും പരിചയപ്പെടാനും, അക്ഷരങ്ങൾ പഠിപ്പിച്ചെടുക്കാനും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതുവഴി വിജയത്തോടെ മുന്നേറാൻ കഴിയുന്ന തരത്തിൽ കുട്ടികളിൽ ആത്മവിശ്വാസവും കഴിവുകളും പരിപോഷിപ്പിക്കുന്ന തരത്തിൽ കുട്ടികളെ വളർത്തിയെടുക്കാൻ ഈ അധ്യയന വർഷത്തെ മാറ്റിയെടുക്കാൻ കഴിയണം എന്നതാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

HINDI

# ആമുഖം

ഒരു അധ്യയന വർഷം സ്കൂളിലും ക്ലാസിലും ഹിന്ദിഭാഷ ഇഷ്ടപ്പെടാനും, സംസാരിക്കാനും പരിചയപ്പെടാനും. അക്ഷരങ്ങൾ പഠിപ്പിച്ചെടുക്കാനും - നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിൻവഴി മികവോടെ മുന്നേറാൻ കഴിയുന്ന തരത്തിൽ കുട്ടികളിൽ ആത്മവിശ്വാസവും കഴിവുകളും പരിപോഷിപ്പിക്കുന്ന തരത്തിൽ കുട്ടികളെ വളർത്തിയെടുക്കാൻ ഈ അധ്യയന വർഷത്തെ മാറ്റിയെടുക്കാൻ കഴിയണം എന്നതാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി (UP)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ<br><br>• ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക | • ഹിന്ദിയിൽ സ്വന്തം പേരെഴുതി ID കാർഡ് നൽകുന്നു.<br>• അക്ഷരം എഴുതൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• പ്രീടെസ്റ്റ്<br>• ഓഡിയോ, വീഡിയോ<br>• പിന്തുണ പാഠങ്ങൾ<br>• പദ്യങ്ങൾ താളലയത്തിൽ ചൊല്ലുന്നതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊണ്ട് - പഠിപ്പിക്കും | ജൂൺ to നവംബർ | • കമ്പ്യൂട്ടർ<br>• പ്രൊജക്ടർ | PTA<br>ICT<br><br>Resource Teacher |

| | | ഗുണഭോക്താക്കൾ | സമയക്രമം | പിന്തുണ |
|---|---|---|---|---|
| • വീട്ടു പരിസരങ്ങളിൽ നിന്ന് കൊണ്ട് നിരീക്ഷണം നടത്തി, ശേഖരിച്ചും, ഉപയോഗിക്കാവുന്ന വസ്തുക്കളുടെ ഫോട്ടോ പതിപ്പിൽ പതിക്കുക<br>• പതിപ്പ് വായിക്കാനും ആസ്വദിക്കാനുമുള്ള പരിശീലനം ചെയ്യുന്നു.<br>• നിത്യജീവിതത്തിൽ ആവശ്യം വരുന്ന പതിപ്പിൽ സംസാരിക്കാനുള്ള ശേഷി പരിചയപ്പെടുന്നു. | • ഗൃഹോപകരണങ്ങളുടെ പട്ടിക പതിപ്പിൽ ക്രമീകരിക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചയപ്പെടാനുള്ള അവസരം.<br>• പതിപ്പ് മറ്റേ വിദ്യാലയത്തിന് ഇംഗ്ലീഷ് ക്ലാസിൽ ഉപയോഗിക്കുക<br>• നിരന്തരം പതിപ്പ് വായിച്ച് വായനയിലേക്ക് കുട്ടികളെ എത്തിപ്പിടിക്കും<br>• ദിവസേന വായന നടത്തി സമ്മാനം നൽകുന്നു. | രക്ഷിതാക്കൾ to കുട്ടികൾ | • പതിവ്<br>നിരന്തരം | PTA<br>ICT |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഉത്തരവാദിത്തം | വിഭവങ്ങൾ |
|---|---|---|---|---|
| • ദോഹാദിനങ്ങൾ, ബോധി പ്രോഗ്രാമുകളിലൂടെ (ഭാഷാ ലിസ്സനിംഗ്, ഭാഷാ സ്പീക്കിങ്) ഭാഷയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനം<br>• ആശയങ്ങൾ ഒന്ന് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br>• സുരീലി ഹിന്ദി<br>• ചിന്തയ്ക്കും കുട്ടിയുടെ കഴിവിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ | • ഹിന്ദി ദിനാചരണങ്ങൾ [സെപ്റ്റംബർ 14, ജനുവരി 10]<br>• ഹിന്ദി അസംബ്ലി<br>• ക്ലാസ് ലൈബ്രറി<br>• അധിക വായനാ സാമഗ്രികൾ<br>• ഹിന്ദിയിൽ കഥപറയൽ<br>• കഥയെഴുതൽ<br>• കഥ പൊലിപ്പിച്ചെഴുതൽ<br>• ഹിന്ദി പാഠഭാഗത്തിലെ ചോദ്യങ്ങൾ, ഉത്തരങ്ങൾ പറയിപ്പിക്കൽ<br>• ഹിന്ദി ജ്ഞാൻസഭ | നവംബർ to ഫെബ്രുവരി | • വിദ്യാർത്ഥികൾ | PTA<br>ICT |

| വിഷയം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| UP തലത്തിലെ ഭിന്നശേഷി കുട്ടികൾ | · അക്ഷരം<br>· എഴുത്ത്<br>· ഓരോ കുട്ടിക്കും അവരവരുടെ കുറവുകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ സാഹചര്യം ഒരുക്കൽ<br>· വീഡിയോ പ്രദർശനം<br>· ചിത്രപ്രദർശനം<br>· ഓഡിയോ | ജൂൺ മുതൽ ഫെബ്രുവരി വരെ | · ലാപ്<br>· അക്ഷരചാർട്ട്<br>· ചിത്രങ്ങൾ ചിത്രചാർട്ട്<br>· ബ്രെയിൻ ലിപി ശ്രവണ സഹായി | P.T.A<br>IEDC ടീച്ചർ<br>ഇൻസ്ട്രക്ടർ |

# ഗണിതം

# ഗണിതം - UP

## ആമുഖം :-

ഒരു അധ്യയന വർഷം സ്കൂളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതുവഴി മികവോടെ മുന്നേറാൻ കഴിയുന്ന തരത്തിൽ കുട്ടികളിൽ ആത്മവിശ്വാസവും കഴിവുകളും പരിപോഷിപ്പിച്ച് ഒരു നല്ല തലമുറയെ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ അധ്യയന വർഷത്തെ മാറ്റിയെടുക്കാൻ കഴിയണം എന്നതാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ :-

→ അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക

→ ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

→ കരിക്കുലം വിഭാവനം ചെയ്ത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.

→ ആധുനിക സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

→ യുക്തിചിന്ത, ഗണിതചിന്ത, വിശകലനശേഷി എന്നിവ എല്ലാകുട്ടികളിലും വളർത്തുക.

→ ഗണിതപഠനം ഉല്ലാസപ്രദവും രസകരവുമായി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

## പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകൽ | ഗണിത ക്ലബ് രൂപീകരിക്കുന്നു. എല്ലാ മാസത്തിലും ക്ലബ് മീറ്റിംഗുകൾ കൂടി പ്രവർത്തനങ്ങൾ ചർച്ചചെയ്യുന്നു. | ഒരു വർഷം | ഗണിത അധ്യാപകർ SRG | |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | എല്ലാ ക്ലാസിലേക്കും ആവശ്യമായ ജ്യാമിതീയ രൂപങ്ങൾ, സ്തംഭങ്ങൾ, ചാർട്ടുകൾ, മറ്റ് പഠനോപാധികൾ മുതലായവ ശേഖരിച്ച് എല്ലാ ക്ലാസിന്റെയും അലമാരയിൽ അവ സൂക്ഷിക്കുന്നു. | ആവശ്യാനുസരണം. | ക്ലാസ് അധ്യാപിക ഗണിത ക്ലബ് | |
| ഗണിതപഠനം ആസ്വാദ്യമാക്കൽ | അബാക്കസ് ക്ലാസുകൾ ആരംഭിക്കുന്നു ക്ലാസിൽ ചേരാൻ പറ്റാത്ത കുട്ടികൾക്കായി പരിശീലനം ഗണിതക്ലബിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തുന്നു. | എല്ലാ ശനിയാഴ്ചകളിലും | H.M P.T.A ഗണിതക്ലബ് | |
| രസകരമായ ഗണിതശാസ്ത്ര പഠനവും സൂക്ഷ്മചലനശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു അവയുടെ സവിശേഷതകൾ പരിചയപ്പെടുത്തുന്നു. | ആവശ്യാനുസരണം | ഗണിതക്ലബ് SRG | |

| | | | | |
|---|---|---|---|---|
| ഗണിതം മധുരമനോഹരം | ഗണിതമേള സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരിക്കൽ | ഗണിത ക്ലബ് SRG | |
| ഗണിതാഭിരുചി വളർത്തൽ | ഗണിത മാസികകൾ തയ്യാറാക്കൽ ക്വിസ് മത്സരങ്ങൾ നടത്തൽ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ് SRG | |
| ഗണിതശേഷി വർദ്ധിപ്പിക്കൽ | മറ്റ് സ്കൂളുകളിൽ വച്ചു നടത്തുന്ന ക്വിസ് മത്സരങ്ങളിലും ശിൽപശാലകളിലും പങ്കെടുപ്പിക്കൽ. നമ്മുടെ വിദ്യാലയത്തിലും ശിൽപശാലകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ഗണിത ക്ലബ് SRG | |
| ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക | 'MGNMA' യുടെ നിർദ്ദേശങ്ങൾ അനുസരിച്ച് രസകരമായ കളികളിലൂടെയും കലാരൂപങ്ങളിലൂടെയും പഠന പ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. | | | |

MGNMA : Mathematics Empowerment for Nurturing Mathematical capacities through AMP

| | | | | |
|---|---|---|---|---|
| ഗണിത ക്ലബിന്റെ സുഗമമായ നടത്തിപ്പ് | മാസത്തിൽ രണ്ട് തവണ മീറ്റിംഗുകൾ കൂടുകയും അതിൽ വിവിധതരം പസിലുകൾ, ഗെയിമുകൾ, ഗണിത നാടകം, മാഗസിൻ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു | ഒരു വർഷം | ഗണിത ക്ലബ് SRG | |

കുട്ടികളുടെ ശാസ്ത്രപരവും ശാരീരികവും മാനസികവുമായ വികാസം ഉദ്ദേശം വച്ചുകൊണ്ട് ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം ആണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവയുടെ ആസൂത്രണം ക്ലാസ് തലങ്ങളിൽ നടത്തുകയും വേണ്ടപ്പെട്ട സമയത്ത് വിശദമായി ചർച്ചചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

ക്ലാസിലെ മുഴുവൻ കുട്ടികളെയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആയതിനാൽ എല്ലാവർക്കും അവസരം ഒരുക്കുകയും നിലവാരത്തിനനുസരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തോടെ നമ്മൾ ലക്ഷ്യം വച്ചതെല്ലാം കുട്ടികൾക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# ഉച്ചഭക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം. | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസവും. | H.M ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ | Noon Meal fund. |
| * രക്ഷിതാക്കളുടെ പങ്കാളിത്തത്തോടു കൂടി ഉച്ചഭക്ഷണം വിപുലപ്പെടുത്തൽ. | സ്നേഹഊണ് മാസത്തിൽ ഒരിക്കൽ ഓരോ ക്ലാസുകാരുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണത്തിൽ കൂടുതൽ വിഭവങ്ങൾ ഉൾപ്പെടുത്തുന്നു. | എല്ലാ മാസവും | H.M ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ CPTA | CPTA |
| * ശുദ്ധമായ വെള്ളം കുടിക്കാൻ കൊടുക്കുക. | ശുദ്ധ ജല കുഴൽ | എല്ലാ പ്രവൃത്തി ദിവസവും | HM, PTA | |

വിഭാഗം
കലാസാഹിത്യവേദി

# വിദ്യാരംഗം കലാസാഹിത്യവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മ രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കുക | ഉദ്ഘാടനം<br>സർഗവേള പിരീഡുകൾ<br>വായനക്കൂട്ടം രൂപീകരണം<br>അക്ഷരസംഘം : കഥ, കവിത, ചിത്രം, ആസ്വാദനം. | ജൂൺ വായനവാര-ത്തിൽ അനുബന്ധി-ച്ചാണ് | HM<br>കോർഡിനേറ്റർ<br>&<br>അസിസ്റ്റന്റ് കോർഡിനേറ്റർ | |
| കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക | അവതരണസംഘം : അഭിനയക്കൂട്ടം<br>ആലാപനക്കൂട്ടം<br>പാട്ടുകൂട്ടം | 3 മാസം കൂടുമ്പോൾ | | |
| | ശിൽപ്പശാല | | | |
| | ഒരു കുട്ടി ഒരു മാഗസിൻ നിർമ്മാണം പ്രകാശനം | അധ്യയന വർഷാവസാനം | | |

ലൈബ്രറി

# Library

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ഉത്തരവാദിത്വം | അവതരണ സന്ദർഭം. |
|---|---|---|---|---|
| ആസ്വാദനക്ഷമതയ് വായനാ ശേഷി ഉറപ്പാക്കാം. വായിച്ച പുസ്തകങ്ങളെ കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം സൃഷ്ടിക്കൽ. | സ്കൂൾ ലൈബ്രറി നവീകരിക്കൽ | May 2025 | S.R.G. | |
| | ക്ലാസ് ലൈബ്രറി നവീകരിക്കൽ | June 2025 | class tr. | |
| | വായനാദിനാചരണം ക്ലാസ് തല ലൈബ്രറി പുസ്തക വിതരണോദ്ഘാടനം - ലൈബ്രറി രജിസ്റ്റർ തയ്യാറാക്കൽ, | | library വിദ്യാരംഗം. | |
| | വായനാനുഭവം അവതരണം | July - March | School radio class teacher | School radio. C.P.T.A. |
| | അവധിക്കാല വായനാ പതിപ്പ് തയ്യാറാക്കലും. | Sep, Janu. | classteacher. | School assembly. C.P.T.A |
| | ഒരു ക്ലാസ് ഒരു പതിപ്പ് പ്രകാശനം മാതൃഭാഷാദിനാചരണം. | Feb. | library, വിദ്യാരംഗം, class teacher | School assembly. C.P.T.A. |

ജൈമ്രസവ
ഗ്രീക്ഷ്യ

## School radio

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | പ്രവർത്തന സന്ദർഭം |
|---|---|---|---|---|
| കുട്ടികളിലെ സഭാകമ്പം മാറ്റി മികച്ച അവതാരക/ അവതാരകൻ ആയി മാറുന്നതിന്. | അന്താക്ഷരി കവിതാലാപനം | June - March | class trs. | radio. |
| | ദിനാചരണങ്ങൾ | June - March. | [illegible] അധ്യാപകർ. | |
| ആത്മവിശ്വാസത്തോടെ സംസാരിക്കുന്നതിന്. | പുസ്തകാസ്വാദനക്കുറിപ്പ് അവതരണം. | June to March | class trs | [illegible] കൾ. |
| പരിപാടികൾ അവതരിപ്പിക്കുന്നതിന്. | സർഗ്ഗാത്മക കഴിവുകളുടെ പോഷണം | June - Sep<br>Octo - Dec<br>Jan - March | Std III - VII<br>Std I - VII<br>L.K.G - VII | ക്ലാസ്സിലെ അവതരണം. |

ഹിന്ദി ക്ലബ്ബ്

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി ക്ലബ്ബ് (2025-2026)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • UP ക്ലാസ്സിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഹിന്ദി ക്ലബ്ബ് രൂപീകരണം<br>• സുരീലി ഹിന്ദി<br>• ഹിന്ദി ലൈബ്രറി<br>• വായന | • മാസത്തിൽ ഒരു ദിവസം ഹിന്ദി ക്ലബ്ബ് യോഗം<br>• സുരീലി ഹിന്ദി പ്രവർത്തനങ്ങൾ<br>• ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി.<br>• ഹിന്ദിയുമായി ബന്ധപ്പെട്ടുള്ള ദിനാചരണങ്ങൾ, പ്രേംചന്ദ്സവം.<br>• ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സിലും സ്കൂളിലും ഹിന്ദി ഭാഷയ്ക്ക് പ്രാധാന്യം കൊടുത്ത് കൊണ്ടുള്ള പ്രവർത്തനങ്ങൾ<br>• ഹിന്ദിയിലുള്ള സംഭാഷണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ | ജൂൺ to ഫെബ്രുവരി | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്ബ് അംഗങ്ങൾ | P.T.A |

[illegible]

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹെൽത്ത് ക്ലബ്ബ് (2025-2026)

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സഹായികൾ |
|---|---|---|---|---|
| • ഹെൽത്ത് ക്ലബ്ബ് രൂപീകരണം<br>• വൃത്തിയുള്ള വിദ്യാലയം<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ വിലയിരുത്തൽ.<br>• waste മാനേജ്മെന്റ്, ബോട്ടിൽ ബൂത്ത്<br>• ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണ ക്ലാസ് | • ക്ലബ്ബ് ചുമതലാ ചാർട്ട് തയ്യാറാക്കൽ<br>• ആഴ്ചയിൽ ഒരു ദിവസം ക്ലബ്ബ് യോഗം<br>• മഴക്കാലമായാൽ സ്കൂൾ പരിസരങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ.<br>• മഴക്കാല രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്<br>• ഹോർ ഹെൽ (SSS) ക്ലബ്ബ് അംഗങ്ങളുമായി ചേർന്നുള്ള ശുചിത്വ പ്രവർത്തനങ്ങൾ<br>• ആഴ്ചയിൽ ഒരു ദിവസം അയേൺ ഗുളിക വിതരണം.<br>• ഹാന്റ് വാഷ് ബോക്സ്<br>• പ്രധാന ഇടങ്ങളിൽ സൂചനാ ബോർഡുകൾ സ്ഥാപിക്കൽ<br>• ശുചിത്വ പ്രവർത്തനങ്ങൾ സ്കൂൾ ശുചിത്വം, ക്ലാസ് ശുചിത്വം, ടോയ്‌ലറ്റ് ശുചിത്വം, വ്യക്തിശുചിത്വം<br>• കുട്ടികളിൽ ലഹരിയുടെ ഉപയോഗം ഉണ്ടാകാതിരിക്കാൻ സിവിക് ക്ലബ്ബുകളും ലഹരി വിരുദ്ധ ക്ലബ്ബുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ | ജൂൺ to ഫെബ്രുവരി | ക്ലബ്ബ് കൺവീനർ ക്ലബ്ബ് അംഗങ്ങൾ പ്രധാനാധ്യാപിക LP, UP ടീച്ചേഴ്സ് PTA, SMC അംഗങ്ങൾ, ജനപ്രതിനിധികൾ, പഞ്ചായത്ത് മെമ്പർ | PTA |

# സാമൂഹ്യ
# ശാസ്ത്ര
# ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയമായ രീതിയിൽ സാമൂഹ്യശാസ്ത്ര പഠനം സാധ്യമാക്കുക | UP ക്ലാസുകളിൽ SS കോർണർ സജ്ജീകരണം.<br>ക്ലാസ് റൂമുകളിൽ സ്ഥലം കണ്ടെത്തി പ്രാഥമിക ഒരുക്കങ്ങൾ നടത്തുന്നു.<br>മോഡൽസ്, ശേഖരങ്ങൾ, ഉപകരണങ്ങൾ എന്നിവ ശേഖരിക്കുന്നു.<br>സാമൂഹ്യ ശാസ്ത്ര മേളയിൽ ഉപയോഗിച്ച Items കോർണറിൽ ഉപയോഗപ്പെടുത്തുന്നു.<br>നവോത്ഥാന നായകർ, സ്വാതന്ത്ര്യ സമര നേതാക്കൾ എന്നിവരുടെ ചിത്രങ്ങൾ, ചരിത്ര സംഭവങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ജൂലൈ<br>ആഗസ്റ്റ് | സോഷ്യൽ ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| ഭൂപട വായന പരിപോഷണം | ജില്ലകൾ, സംസ്ഥാനങ്ങൾ, ലോകരാജ്യങ്ങൾ എന്നി വ്യത്യസ്തതം മാപ്പുകൾ എന്നിവ പ്രയോജനപ്പെടുത്തി കുട്ടികളെ ഭൂപട വായനയിൽ പ്രാപ്തരാക്കണം. | ഡിസംബർ – ജനുവരി | സോഷ്യൽ ടീച്ചർ | |

| | | | | |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർ ചിത്രങ്ങൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | HM<br>സോഷ്യൽ ടീച്ചർ | |
| സാമൂഹ്യ ശാസ്ത്ര- നൂതന- അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം. | ക്ലാസ് റൂമിലെ എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ update ചെയ്ത് ഒട്ടിക്കുകയും ചെയ്യൽ | വർഷം മുഴുവൻ | സോഷ്യൽ ക്ലബ്ബ് | |
| സാമൂഹ്യ ശാസ്ത്ര പഠനം ജനകീയമാക്കൽ കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തിയെടുക്കൽ | വിവിധ തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ വിലയിരുത്തൽ. | വർഷത്തിൽ ഒരു തവണ | | |

| | | | | |
|---|---|---|---|---|
| | സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ സാമൂഹിക ഉത്തരവാദിത്വമുള്ള പരിപാടികൾ ഏറ്റെടുത്ത് നടത്തുക. (പൊതു സ്ഥല ശുചീകരണം, വൃദ്ധസദന സന്ദർശനം, etc) | | സോഷ്യൽ ക്ലബ്ബ്, സോഷ്യൽ ടീച്ചർ | |
| സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ഡിജിറ്റൽ സാധ്യത | ക്ലാസ് മുറികളിൽ ICT ബന്ധിത ക്ലാസുകൾ | വർഷം മുഴുവൻ | സോഷ്യൽ ടീച്ചർ | |

കായികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | [illegible] |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, കരാട്ടെ തുടങ്ങിയവയിൽ പരിശീലനം നൽകി ജില്ലാതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചേഴ്സ് | |
| കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്കൂളിൽ ലഭ്യമായിട്ടുള്ള സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചേഴ്സ് | |
| | കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ ഗ്രൗണ്ടിൽ കായിക പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചേഴ്സ് | |

# ഉൾച്ചേർന്ന
# വിദ്യാഭ്യാസം

# ഇൻക്ലൂസീവ് വിദ്യാഭ്യാസം

പ്രശ്നം : കുട്ടിയെ അറിയുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പരിമിതികൾ മനസ്സിലാക്കി അവരെ മുന്നോട്ട് നയിക്കുക. | കുട്ടികളെ മനസ്സിലാക്കി കുറവുകൾ കണ്ടെത്തൽ അവസ്ഥാ പഠനം. | June | ക്ലാസ് അധ്യാപകർ | |
| പിന്തുണാ സഹായം | കുട്ടികളുടെ പരിമിതികൾ രക്ഷിതാക്കളുമായി ചർച്ച നടത്തി അവർക്ക് വേണ്ട പൂർണ്ണ പിന്തുണ നൽകൽ | June - March | അധ്യാപകർ സ്പെഷ്യൽ അധ്യാപിക | PTA<br>BRC<br>SMC |
| ഭൗതിക സൗകര്യങ്ങൾ | മെഡിക്കൽ ക്യാമ്പ്<br>കേൾവി ഉപകരണങ്ങൾ<br>കാഴ്ച ഉപകരണങ്ങൾ<br>ഫിസിയോ തെറാപ്പിസ്റ്റിന്റെ സഹായം<br>സ്പീച്ച് തെറാപ്പി<br>ഫിസിയോ തെറാപ്പിസ്റ്റിന്റെ സഹായം | June - February | അധ്യാപിക | Panchayath<br>SSK<br>AEO |

| | | | | |
|---|---|---|---|---|
| ഭിന്നശേഷി സൗഹൃദ വിദ്യാലയം. | സ്കൂളും ക്ലാസ് മുറികളും ഭിന്നശേഷി സൗഹൃദമാക്കുക കുട്ടികളോട് സൗഹൃദപരമായി പെരുമാറാനുള്ള ബോധവൽക്കരണം. | June - March | PTA SMC | |

# SCHOOL SOCIAL SERVICE SCHEME

# സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം- SSSS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സഹകരണ മനോഭാവം, സാമൂഹ്യബോധം എന്നിവ കുട്ടികളിൽ ഉണ്ടാക്കുക. | സഹായസന്നദ്ധരാകുക. നാം ജീവിക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതിനുതകുന്ന ക്ലാസുകൾ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | H.M കോഓർഡിനേറ്റർ, SRG | ആകെ വിദ്യാലയ വകുപ്പ് |
| കുട്ടികളിലെ നേതൃത്വഗുണം വർദ്ധിപ്പിക്കുക | ശിൽപശാലകൾ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | H.M കോഓർഡിനേറ്റർ, SRG | ആകെ വിദ്യാലയ വകുപ്പ് |
| സാമൂഹികതിന്മകൾ തിരിച്ചറിയാനും അവ ഒഴിവാക്കുന്നതിനുമുള്ള ബോധം ഉണ്ടാക്കുന്നു. | ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | H.M കോഓർഡിനേറ്റർ, SRG | ആകെ വിദ്യാലയ വകുപ്പ്, |
| സാമൂഹ്യസേവന, സഹായ മനോഭാവം വളർത്തുന്നു | വിവിധ സന്ദർശനങ്ങൾ, സാമൂഹ്യസേവന രൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നു | ആവശ്യാനുസരണം | H.M കോഓർഡിനേറ്റർ, SRG | ആകെ വിദ്യാലയ വകുപ്പ്, PTA |

# ഗാന്ധിദർശൻ

| മാസം | പ്രവർത്തനം | |
|---|---|---|
| ആഗസ്റ്റ്<br>സെപ്തംബർ | ഗാന്ധിജിയുടെ ചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ നൽകൽ | |
| ഒക്ടോബർ | ഗാന്ധിജയന്തി ദിനാചരണം<br>ഗാന്ധിക്വിസ് | |
| നവംബർ | ഉപന്യാസരചന | |

ഇംഗ്ലീഷ് ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | ഇംഗ്ലീഷ് ക്ലബ് രൂപീകരണം ഇംഗ്ലീഷ് കോർണർ ഒരുക്കൽ | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷ് ഡേ ആചരണം. ഇംഗ്ലീഷ് ഡിക്ഷ്ണറി തയ്യാറാക്കൽ | ജൂലൈ | ക്ലാസ് അധ്യാപകർ | |
| | പബ്ലിക് സ്പീക്കിംഗ് ഓരോ ദിവസവും ഒരു കുട്ടി വീതം ഏതെങ്കിലും വിഷയത്തെ പറ്റി ക്ലാസിൽ അവതരിപ്പിക്കുക. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | F.M corner. വ്യത്യസ്തമായ കഥകൾ Reader's theatre രീതിയോ (ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | സെപ്തംബർ ഒക്ടോബർ | ക്ലാസ് അധ്യാപകർ | |
| 3) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | മാസിക തയ്യാറാക്കൽ | നവംബർ | | |
| | Skit, Role play, Puppet show. | ഡിസംബർ ജനുവരി | | |
| | ഇംഗ്ലീഷ് ഫെസ്റ്റ് | ഫെബ്രുവരി | | |

# ഇൻഫർമേഷൻ ടെക്നോളജി (IT)

ഐടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| • എല്ലാ ക്ലാസിലും IT ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുക. • സമ്പൂർണ IT സാക്ഷരത | **ഡിജിറ്റൽ ലാബ്** ആഴ്ചയിൽ 2 പിരിയഡ് IT പഠനം ഉറപ്പാക്കുകയും ഐ.ടി പാഠപുസ്തകത്തിലെ മുഴുവൻ പ്രവർത്തനങ്ങളും കുട്ടികളിലേക്കെത്തിക്കണം | 1 വർഷം | HM PSITC Class teacher | |
| • IT മേളയിൽ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ | **ഒരുങ്ങാം മേളയ്ക്കായ്** • IT ക്ലബ് രൂപീകരണം - std 5, 6 & 7 • IT മേളയിൽ പങ്കെടുക്കുന്നതിനായി ഡിജിറ്റൽ പെയിന്റിംഗ്, മലയാളം ടൈപ്പിംഗ്, ക്വിസ് എന്നീ വിഭാഗങ്ങളിലേക്കായി വിദഗ്ധ പരിശീലനം സംഘടിപ്പിക്കുന്നു. • IT exhibition. | June-July | PSITC Class teacher | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഡിജിറ്റൽ ക്ലാസ്റൂം പഠനം ഉറപ്പാക്കുക. | **ഡിജിറ്റൽ ക്ലാസ്** <br> * എല്ലാ വിഷയങ്ങളും ആഴ്ചയിൽ 2 ക്ലാസുകൾ വീതം ICT ഉപയോഗപ്പെടുത്തി നടത്തുന്നു എന്ന് ഉറപ്പാക്കുക. <br> * കുട്ടികളെ വിവിധ ഡിജിറ്റൽ ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും പ്രവർത്തിപ്പിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | 1 വർഷം | HM <br> SRG <br> PSITC <br> class teacher. | |

ശാസ്ത്ര ലാബ്

&

ശാസ്ത്രക്ലബ്

ശാസ്ത്ര ലാബ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • ശാസ്ത്ര ലാബ് പുനഃസജ്ജീകരിക്കൽ | ലാബ് ഒരുക്കാം<br>* ലാബ് ക്ലീനിംഗ്, ഉപകരണങ്ങൾ ചിട്ടയോടെ ക്രമീകരിക്കൽ, നിലവിലുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, ആവശ്യമുള്ള സാധനങ്ങൾ സംഘടിപ്പിക്കൽ<br>* ലാബിലെ Working Models പ്രവർത്തന സജ്ജമാക്കലും കുട്ടികളെ അവ പരിചയപ്പെടുത്തലും. | ജൂൺ - [illegible] | ശാസ്ത്രാധ്യാപിക സയൻസ് ക്ലബ്ബ് | 10000/- |
| • ശാസ്ത്ര ലാബ് പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തൽ | * പഠനപ്രവർത്തനങ്ങൾക്കായി ലാബ് സജീവമാക്കൽ, ലാബിൽ കുട്ടികൾക്കും അധ്യാപകർക്കും പരീക്ഷണങ്ങൾ ചെയ്യാനായി ഒരു പ്രവർത്തനമൂല സജ്ജമാക്കൽ. | ജൂൺ | | |
| | * കുട്ടികളുടെ മികച്ച ശാസ്ത്രപ്രവർത്തനങ്ങൾ - ശാസ്ത്രഉപകരണ നിർമ്മാണം, മോഡലുകൾ, കളക്ഷനുകൾ, മറ്റ് നിർമ്മാണങ്ങൾ തുടങ്ങിയവ ലാബിൽ ആകർഷകമായ രീതിയിൽ പ്രദർശിപ്പിക്കുന്നു. | വർഷം മുഴുവൻ | | |

| ലക്ഷ്യം | പ്രവർത്തനം | നേതൃത്വം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * Microscope കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു.<br>* ലാബിലെ ഓരോ Working Models ന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പാഠഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ലിസ്റ്റ് ചെയ്ത് അവ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.<br>* ലാബിൽ സന്ദർശക രജിസ്റ്റർ വയ്ക്കലും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തലും ചെയ്യുന്നു.<br>* ക്ലബ് പ്രവർത്തനങ്ങളിലും ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിലും ലാബ് ഉപയോഗപ്പെടുത്താൻ അവസരം നൽകുന്നു.<br>* ശാസ്ത്രലൈബ്രറി ഒരുക്കൽ.<br>* ശാസ്ത്രജ്ഞരുടെ ഫോട്ടോകൾ, മഹദ് വചനങ്ങൾ എന്നിവ ലാബിൽ പ്രദർശിപ്പി-ക്കുന്നു. | വർഷം മുഴുവൻ | ശാസ്ത്രാധ്യാപിക സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഗ്രൂപ്പടിസ്ഥാനത്തിൽ ക്ലാസിൽ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനായി ഓരോ ഗ്രൂപ്പിനും ലഭ്യമാകും തരത്തിൽ സാമഗ്രികൾ ശേഖരിക്കൽ - ശാസ്ത്രകിറ്റ് | | | |
| | | | | |

ക്ലബ്ബ് പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കൽ | * വിദ്യാലയത്തിലെ വിവിധ ക്ലബുകളുടെ ഉദ്ഘാടനം സംഘടിപ്പിക്കുന്നു. | 1 വർഷം ജൂൺ-ജൂലൈ | SRG വിഷയച്ചുമതല | |
| | * ക്ലബ്ബിലേക്ക് കുട്ടികളെ തെരഞ്ഞെടുത്തു ഭാരവാഹികളെ കണ്ടെത്തുന്നു. | . | | |
| | * ഓരോ ദിനാചരണങ്ങളും അവയുമായി ബന്ധപ്പെട്ട ക്ലബുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | | |
| | * എല്ലാ മാസവും ക്ലബ് യോഗം ചേരുകയും തന്നൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. | " | | |
| | * ക്ലബ് പ്രവർത്തനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തണം. | " | | |
| | * സ്കൂൾതല ശാസ്ത്ര - കായിക-കലാമേള -കൾ സംഘടിപ്പിക്കുന്നു. | | | |
| | * ഉപജില്ല, മേളകൾക്കായി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | സെപ്റ്റംബർ | | |